(ബി) വർഗ്ഗീയ സംഘർഷം - ഇല്ല,

(വർഗ്ഗീയ സംഘട്ടനങ്ങൾ -128)

രാഷ്ട്രീയ സംഘർഷങ്ങൾ - ഇല്ല,

(രാഷ്ട്രീയ സംഘട്ടനങ്ങൾ -551)

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ - 2719,

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണങ്ങൾ - 185,

- ബാലപീഡനം - 499,
- ഭവനഭേദനം - 586,
- കളവ് - 687.

കോഴ വാങ്ങുന്നതിനെതിരെ നടപടി

160 (4495) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കോളേജുകളുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിവരിക്കാമോ?

ഉത്തരം

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കോളേജുകൾക്കെതിരെ പോലീസ് നടപടി സ്വീകരിച്ചിട്ടില്ല.

മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ്

161 (4496) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ് 2015 ആഗസ്റ്റ് 15-ന് മുൻപായി പ്രവർത്തനം ആരഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; നിലവിൽ ട്രാഫിക് യൂണിറ്റിന്റെ സ്ഥിതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവേലിക്കര ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ആയതിനാവശ്യമായ അംഗബലം പുനർവിന്യാസം വഴി കണ്ടെത്തി ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനം

162 (4497) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ :

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനം പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് 29-1-2013-ലെ ജി.ഒ. (എംഎസ്.) 29/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ധ്യത്തോടെയും ഉത്തരവാദിത്വത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, ഈ നഗരങ്ങളിലെ ജനസംഖ്യാ വർദ്ധനവ് കൊണ്ടുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾക്കനുസൃതമായി നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, അനുദിനം നഗരങ്ങളിൽ പുതിയതായി എത്തിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്കനുസരിച്ച് ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി&ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly